# പതിമൂന്നാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **3911** **24.06.2014** ൽ മറുപടിയ്ക്ക്

## നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ മണൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. തിലോത്തമൻ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ മണൽ ലഭിക്കാത്തതു മൂലം ഉണ്ടായിട്ടുള്ള മാന്ദ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മണൽ ദൗർലഭ്യം പരിഹരിക്കുവാൻ എന്ത് ബദൽ സംവിധാനമാണ് സർക്കാർ കണ്ടെത്തിയിരിക്കുന്നത് എന്ന് പറയാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തെ സംബന്ധിച്ച് പഠിക്കുന്നതിനായി ജി.ഒ(എം.എസ്) നം. 124/2009/ഐ.ഡി തീയതി 07/10/2009 സർക്കാർ ഉത്തരവ് പ്രകാരം മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ.റ്റി.ബാലകൃഷ്ണൻ ചെയർമാനായി രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിൽ വരുത്തുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള എംപവേർഡ് കമ്മിറ്റിയെ നിയമിച്ചുകൊണ്ടും, രാജ്യത്തിന്റെ ഇതര ഭാഗങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിന് KEMDEL, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, കേരള ലാന്റ് ഗവേർണൻസ് സൊസൈറ്റി എന്നിവയെ നോഡൽ ഏജൻസിയായി നാമ നിർദ്ദേശം ചെയ്തും 03.05.2013 ലെ ജി.ഒ(എം.എസ്) നം. 183/13/റവ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ വിവിധ ഡാമുകളിൽ നിന്നും ശേഖരിക്കുന്ന മണൽ വിൽപ്പന നടത്തുന്നതിന് 04.10.2012 ലെ ജി.ഒ(എം.എസ്) നം. 118/12/വ്യവ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ സമിതിയെ ചുമതലപ്പെടുത്തുകയും, സംസ്ഥാനത്തനുഭവപ്പെടുന്ന മണൽ ക്ഷാമം പരിഹരിക്കുന്നതിന് ഡാമിൽ നിന്നും ശേഖരിക്കുന്ന മണൽ വിൽപ്പന ത്വരിതപ്പെടുത്താൻ 04/03/2014 ലെ |

| | | | |
|---|---|---|---|
| | | | ജി.ഒ(എം.എസ്) നം. 38/14/വ്യവ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (ബി) | നിർമ്മാണാവശ്യത്തിന് കടൽമണ്ണ് ശുദ്ധീകരിച്ച് വിൽപ്പന നടത്തുവാൻ പദ്ധതിയിട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുവേണ്ടി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച വിശദവിവരം നൽകുമോ? | (ബി) | ഇല്ല. |

**സെക്ഷൻ ഓഫീസർ**